**ജൂൺ 16 – ജൂൺ 22**

## പാഠം – 12

## ബാബിലോണും ഹർമ്മഗെദ്ദോനും

**ശബ്ബത്ത് സായാഹ്നം** **ജൂൺ 16**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:** വെളി. 14:8; 16:19; യെശ. 52:9; വെളി. 18:1–10; 16:12–16; 1 രാജാ. 18:1–40; 1 കൊരി. 15:1,2.

**മനഃപാഠവാക്യം: "മർമ്മം മഹതിയാം ബാബിലോൺ; വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവ് എന്നൊരു പേര് അവളുടെ നെറ്റിയിൽ എഴുതിയിട്ടുണ്ട്" (വെളി. 17:5).**

വെളിപ്പാടു പുസ്തകം നിറയെ പഴയനിയമത്തിൽ നിന്ന് നേരിട്ടെടുത്തിട്ടുള്ള ബിംബങ്ങളും ഭാഷയുമാണ്. ഉദാഹരണത്തിന് ബാബിലോൺ എന്ന പേര് ആറു തവണ വെളിപ്പാടു പുസ്തകത്തിൽ ആവർത്തിക്കുന്നു. എന്നാൽ അത് നൂറ്റാണ്ടുകൾക്കു മുമ്പേ ചരിത്രത്തിൽ നിന്നു മാഞ്ഞുപോയ നെബൂഖദ്നേസറിന്റെ പ്രാചീന സാമ്രാജ്യത്തെക്കുറിച്ചല്ല പറയുന്നത്. മറിച്ച്, യോഹന്നാൻ ഒരു സത്യം ദ്യോതിപ്പിക്കുവാൻ പഴയനിയമത്തിൽ നിന്ന് ഒരു ബിംബം ഉപയോഗിച്ചെന്നു മാത്രം. ഇവിടെ ബാബിലോൺ – ദൈവത്തിന്റെ ജനത്തെ അടിച്ചമർത്തിയ ഒരു വലിയ മത-രാഷ്ട്രീയ ശക്തി – ഇന്ന് അതേ കാര്യം അന്ത്യകാലത്ത് ചെയ്യുന്ന അതിശക്തമായ മത-രാഷ്ട്രീയ ശക്തികളെത്തന്നെയാണ് സൂചിപ്പിക്കുന്നത്.

ചിലപ്പോഴൊക്കെ, വെളിപ്പാടിൽ മാത്രം കാണുന്ന *ഹർമ്മഗെദ്ദോൻ* എന്ന വാക്കും സമാനമാണ്. അത് പുരാതന ഇസ്രായേലിലെ ഒരു സ്ഥലത്തെ സൂചിപ്പിക്കുന്ന "മെഗിദ്ദോ പർവ്വതം" എന്ന എബ്രായ പദത്തിൽ നിന്നാണ് വന്നത്. ഹർമ്മഗെദ്ദോനെക്കുറിച്ച് വളരെയധികം ഊഹാപോഹങ്ങൾ നിലനിൽക്കുന്നു. ലോകാവസാനത്തോടടുത്ത് മെഗിദ്ദോ പർവതത്തിൽ ഒരു വലിയ സൈനിക പോരാട്ടം അരങ്ങേറുമെന്ന് അനേകരും കരുതുന്നു.

ഈയാഴ്ച നമ്മൾ ബാബിലോണും ഹർമ്മഗെദ്ദോനും കാണും, ബൈബിൾ എന്താണ് ഇവയെക്കുറിച്ച് പഠിപ്പിക്കുന്നതെന്ന് പഠിക്കാം.

*☞ഈയാഴ്ചയിലെ പാഠം പഠിച്ച് ജൂൺ 23-ലെ ശബ്ബത്തിനായി ഒരുങ്ങുക.*

**ഞായർ** **ജൂൺ 17**

### "അവളുടെ ക്രോധമദ്യം"

**വെളിപ്പാട് 14:8; 16:19; 17:5; 18:2, 10, 21 വായിക്കുക. വെളിപ്പാടു പുസ്തകത്തിലെ ബാബിലോണിനെക്കുറിച്ചു പറയുന്ന ആറു വാക്യങ്ങൾ. പഴയനിയമത്തിലെ ബാബിലോണിന്റെ കഥ മനസ്സിൽ വച്ചുകൊണ്ട്, അന്ത്യകാല**

**സംഭവങ്ങളുടെ വെളിച്ചത്തിൽ ബാബിലോണിനെക്കുറിച്ച് ഈ വാക്യങ്ങൾ എന്തു പഠിപ്പിക്കുന്നു?**

ബൈബിൾ രണ്ടു നഗരങ്ങളുടെ കഥയാണെന്ന് പറയപ്പെടുന്നു; ജറുസലെമും ബാബിലോണും. ബൈബിളിലുടനീളം ജറുസലെം ദൈവത്തിന്റെ നഗരമായും വാഗ്ദത്ത ജനമായും നിലകൊണ്ടു (സങ്കീ. 102:21, യെശ. 52:9, 65:19, വെളി. 3:12). ബാബിലോണാകട്ടെ എക്കാലവും അടിച്ചമർത്തലിനും, അക്രമത്തിനും, തെറ്റായ മതത്തിനും, ദൈവത്തിനെതിരെ പ്രത്യക്ഷമായ പോരിനുമാണ് നിലകൊണ്ടത്.

ബാബേൽ ഗോപുരത്തെക്കുറിച്ച് ചിന്തിക്കുക (ഉല്. 11:9). "ബാബേൽ" എന്നതിന്റെ എബ്രായ പദം "ബാബിലോൺ" സാമ്രാജ്യത്തിന്റെ അതേ വാക്കു തന്നെയാണ്. 1 പത്രൊ.5:13-ൽ പത്രോസ് "ബാബിലോണിലെ" സഭയിൽ നിന്ന് വന്ദനം അറിയിക്കുന്നു. എന്നാൽ ഇത് ഇന്ന് ഇറാഖിലുള്ള പുരാതന ബാബിലോൺ സാമ്രാജ്യത്തിന്റെ അവശിഷ്ടങ്ങൾക്കിടയിൽ നിന്നല്ല മറിച്ച് റോമിൽ നിന്നാണെന്ന് നമുക്കെല്ലാവർക്കുമറിയാം. അതെ, എത്രയും വേഗം സഭയെ അടിച്ചമർത്താനുള്ള റോം. റോമിന്റെ വേഷം വെളിപ്പാടു പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് ഈ പേര് വളരെ രസകരമാണ്.

**വെളിപ്പാട് 14:8, 18:3 വായിക്കുക. ലോകത്തിനുമേലും ദൈവജനത്തിനുമേലും ബാബിലോണിന്റെ ദുഷ്സ്വാധീനത്തെക്കുറിച്ച് ഈ വാക്യങ്ങൾ എന്തു പറയുന്നു?**

വെളിപ്പാടു പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന, ബാബിലോൺ പ്രതിനിധാനം ചെയ്യുന്ന അധികാര ശക്തി അതിന്റെ ദുഷ്സ്വാധീനങ്ങൾ ലോകം മുഴുവനും വ്യാപിപ്പിക്കുന്നു. "അവളുടെ ദുർന്നടപ്പിന്റെ ക്രോധമദ്യം" (വെളി.14:8), എന്ന ശൈലി വ്യക്തമായും കാണിക്കുന്നത്, തെറ്റായ സിദ്ധാന്തം പഠിപ്പിക്കൽ, ദുരാചാരം, കൂടാതെ ഇവയിൽ നിന്നു വരുന്ന അന്തിമഫലങ്ങളുമാണ്. ബാബിലോൺ "എല്ലാ രാജ്യത്തിലേക്കും" (വെളി.18:3) വ്യാപിച്ച തിന്മയുടെ ശക്തിയാണ്. അതുകൊണ്ട് എല്ലാവരും തെറ്റിപ്പോയവർ ആണോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

**ഇന്നത്തെ ലോകത്തെ നോക്കുക: അഴിമതി, ചിന്താക്കുഴപ്പം, അടിച്ചമർത്തൽ. യേശുവിലും അവന്റെ വചനത്തിലും നങ്കൂരമിടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഇതെന്തു പഠിപ്പിക്കേണം?**

**തിങ്കൾ** **ജൂൺ 18**

## ബാബിലോൺ വീണുകഴിഞ്ഞു

ബാബിലോണിന്റെ സ്വാധീനം ലോകത്തിൽ എത്രമാത്രം ദൂരവ്യാപകവും ദുഷിച്ചതുമാണെങ്കിലും വെളിപ്പാടു പുസ്തകം പഠിപ്പിക്കുന്നു, ഒരുനാൾ ഇതെല്ലാം അവസാനിക്കും.

**വെളിപ്പാട് 18:1-10 വായിക്കുക. "മഹതിയാം ബാബിലോണിനെ" കുറിച്ച് ഈ വാക്യങ്ങൾ എന്തു പഠിപ്പിക്കുന്നു?**

ബാബിലോണിന്റെ വീഴ്ചയെക്കുറിച്ചുള്ള രണ്ടാമത്തെ ദൂതന്റെ സന്ദേശം (വെളി. 14:8) ഇവിടെ വെളിപ്പാട് 18:2-ൽ ആവർത്തിച്ചിരിക്കുന്നു. ഇത് എത്ര മാത്രം ദുഷിച്ചിരിക്കുന്നുവെന്ന് കാണിക്കാനുള്ള ഒരു പദപ്രയോഗമാണ് ഇവിടെ.

"കർത്താവിന്റെ വരവിനു മുമ്പായി, സാത്താൻ 'സകല ശക്തിയോടും അടയാളങ്ങളോടും അനീതിയുടെ സകല വഞ്ചനയോടും കൂടെ'; 'സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായ വിധി വരേണ്ടതിന് ഭോഷ്ക്ക് വിശ്വസിക്കുമാറ് വ്യാജത്തിന്റെ വ്യാപാരശക്തി അയക്കുന്നു' 2 തെസ്സ. 2:9-11. ഈ അവസ്ഥ വരുന്നതുവരെ, ക്രൈസ്തവ ലോകത്തിലുടനീളം ലോകവുമായി സഭ ചേരുന്നതു പൂർത്തിയാകുംവരെ, ബാബിലോണിന്റെ പതനം പൂർണ്ണമാകില്ല. ഈ മാറ്റം ക്രമേണ ഉണ്ടാകുന്ന താണ്. വെളിപ്പാട് 14:8 പരിപൂർണ്ണമായി നിറവേറുന്നത് ഇനിയും സംഭവി ക്കാനിരിക്കുന്നതേയുള്ളൂ.'' - *എലൻ ജി. വൈറ്റ്, ''ദി ഗ്രേറ്റ് കോൺട്രോവേഴ്സി", പേജ്, 389, 390.*

'പരിപൂർണ്ണ നിറവേറൽ" സംഭവിച്ചുവോ എന്നത് ദൈവത്തിനു മാത്രമേ അറിയാവൂ. ഈ വാക്യങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാകുന്ന ഒന്ന്, തന്റെ തിന്മയുടെ ബഹുത്വം നിമിത്തം ആത്മീയ ബാബിലോണിന് ഒരിക്കൽ ദൈവ ത്തിന്റെ ന്യായവിധി നേരിട്ടേ മതിയാവൂ. "അവളുടെ പാപം ആകാശ ത്തോളം കുന്നിച്ചിരിക്കുന്നു; അവളുടെ അകൃത്യം ദൈവം ഓർത്തിട്ടുമുണ്ട്" (വെളി. 18:5). ഈ പ്രയോഗം പഴയ നിയമത്തിൽ നിന്നുള്ള ബാബിലോണി നെക്കുറിച്ചുള്ള ഭാഷ പ്രതിഫലിപ്പിക്കുന്നു (കാണുക യിര. 51:9), ന്യായവിധിയുടെ ഒരു സമയം തീർച്ചയായും വരുമെന്നും ഇത് അർത്ഥമാക്കുന്നു.

വരാനിരിക്കുന്ന ഈ ന്യായവിധി ഒരിക്കലും അമ്പരപ്പിക്കുന്നതാകരുത്. എന്തു തന്നെയായാലും പുരാതന ബാബിലോൺ ന്യായവിധി നേരിട്ടല്ലോ (കാണുക ദാനീയേൽ 5). ബാബിലോണുൾപ്പെടെ ഏവരും ഒരുനാൾ ചെയ്തികൾക്ക് ഉത്തരം നൽകേണ്ടിവരുമെന്നതിൽ അനേകസ്ഥലങ്ങളിൽ

വചനം സുവ്യക്തമാണ്. ആ ന്യായവിധിയിൽ നമുക്കുവേണ്ടി നിൽക്കാൻ ഒരു മദ്ധ്യസ്ഥനുണ്ടെന്നതിൽ ക്രിസ്ത്യാനികൾക്ക് എത്രമാത്രം ആശ്വസിക്കാം (1യോഹ. 2:1; ദാനീ. 7:22). അല്ലെങ്കിൽ നമ്മുടെ വിധിയും ബാബിലോണിനെക്കാൾ ഒട്ടും മെച്ചമാകില്ല.

**ഇന്ന് ശിക്ഷ ലഭിക്കാത്ത സകല അനീതിയും അസമത്വവും ഒരിക്കൽ ദൈവീക അന്തിമവിധി ഏറ്റുവാങ്ങേണ്ടി വരുമെന്ന വാഗ്ദത്തം എത്രമാത്രം ആശ്വസിപ്പിക്കുന്നു?**

**ചൊവ്വ** **ജൂൺ 19**

**ഹർമ്മഗെദ്ദോൻ**

ക്രിസ്ത്യാനികളുൾപ്പെടെയുള്ള പലർക്കും വെളിപ്പാടു പുസ്തകത്തെക്കുറിച്ച് അധികമറിയില്ലെങ്കിലും, അതിലെ ഒരു വാക്ക് അല്ലെങ്കിൽ ചിത്രം അനേകർ വ്യാപകമായി കേട്ടിട്ടുണ്ട്: *ഹർമ്മഗെദ്ദോൻ* (കാണുക വെളി.16:16). മതേതര സംസ്ക്കാരത്തിൽ പോലും ലോകഭാവി തുലാസ്സിലാക്കുന്ന ഒരു അന്തിമ യുദ്ധത്തെ സൂചിപ്പിക്കുന്നു ഇത്. പ്രപഞ്ചത്തെ തകർക്കാൻ ചൊവ്വയ്ക്കും വ്യാഴത്തിനുമിടയിലുള്ള നക്ഷത്രസദൃശമായ ഒരു ഗ്രഹത്തെക്കുറിച്ച് *ഹർമ്മഗെദ്ദോൻ* എന്ന പേരിൽ ഹോളിവുഡ് ഒരു സിനിമ നിർമ്മിക്കുകയുണ്ടായി. ഒരളവു വരെ മതമില്ലാത്തവരുടെ മനസ്സിലും ലോകാവസാനം എന്നൊന്നുണ്ട്.

വെളിപ്പാടു പുസ്തകത്തെക്കുറിച്ച് അറിയാവുന്ന, അതിൽ വിശ്വസിക്കുന്ന പല ക്രൈസ്തവരും ഹർമ്മഗെദ്ദോൻ യുദ്ധമെന്നത് ലോകാവസനത്തോടടുത്ത് മദ്ധ്യകിഴക്കേ മേഖലയിൽ ഉണ്ടാകുന്ന യഥാർത്ഥ സൈനികപോരാട്ടമാണെന്നാണ് ധരിച്ചിരിക്കുന്നത്. വേറൊരു പതിപ്പിൽ - 200 ദശലക്ഷം വരുന്ന സൈന്യം ഏഷ്യയിൽ നിന്ന് വടക്കൻ ഇസ്രായേലിലേക്ക് ഇരച്ചുകയറുമെന്നും പറയുന്നു. ലോകത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഉണ്ടാകുന്ന രാഷ്ട്രീയ സൈനിക തർക്കങ്ങൾ, മെഗിദ്ദോ പ്രദേശത്ത് ഹർമ്മഗെദ്ദോൻ എന്ന അവസാന സൈനിക പോരാട്ടം തുടങ്ങി വയ്ക്കുന്ന അവസ്ഥയുണ്ടാക്കുമെന്ന് ഈ കഥയുടെ മറ്റ് പല വകഭേദങ്ങളും പറയുന്നു.

എന്തു തന്നെയായാലും, അപ്പാടെ വ്യത്യസ്തമായ ചിത്രം ബൈബിൾ നൽകുന്നു. സുവിശേഷം ഹർമ്മഗെദ്ദോനെ പരിസമാപ്തിയായി ചിത്രീകരിക്കുന്നു. എന്നാൽ കലഹിക്കുന്ന രാഷ്ട്രങ്ങൾ തമ്മിലല്ല, മറിച്ച് പ്രപഞ്ച പോരാട്ടത്തിന്റെ ഇരുവശങ്ങൾ തമ്മിൽ. അതൊരു മത യുദ്ധം. സാമ്പത്തികവും രാഷ്ട്രീയവുമായ അനേകം ഘടകങ്ങൾ അതിലുൾപ്പെടുമെങ്കിലും അത് സാമ്പത്തിക രാഷ്ട്രീയ പോരാട്ടമായിരിക്കില്ല.

**വെളിപ്പാട് 16:12-16 വായിക്കുക. ഹർമ്മഗെദ്ദോനെക്കുറിച്ച് ഈ വാക്യങ്ങളിൽ നിന്നു മാത്രം എന്ത് പഠിക്കാം?**

ഒന്നാമത് ഇവിടെ ഭാഷ എത്ര ബിംബാത്മകമെന്ന് ശ്രദ്ധിക്കുക. തവളകളെപ്പോലുള്ള ആത്മാക്കൾ മഹാസർപ്പത്തിന്റെ വായിൽ നിന്നും വ്യാജ പ്രവാചകന്റെ വായിൽ നിന്നും മൃഗത്തിന്റെ വായിൽ നിന്നും പുറപ്പെടുന്നു. (വെളിപ്പാട് 13-ലെ ശക്തികളോടുള്ള സൂചന; "വ്യാജ പ്രവാചകൻ" മിക്കവാറും വെളിപ്പാട് 13:11-ലെ കരമൃഗത്തെയാവും സൂചിപ്പിക്കുന്നത്). വൻപോരാട്ടം ഇവിടെയും ദൃശ്യമാകുന്നു, "ഭൂതാത്മാക്കൾ" (വെളി. 16:14) യുദ്ധം ചെയ്യാൻ "ദൈവത്തിന്റെ മഹാദിവസത്തിൽ" (വെളി. 16:14) പുറപ്പെടുന്നു. ഹർമ്മഗെദ്ദോൻ ഏതെല്ലാം രീതിയിൽ വെളിപ്പെട്ടാലും, ക്രിസ്തുവിന്റെ സൈന്യവും സാത്താനും തമ്മിലുള്ള ലോകവ്യാപക പോരാട്ടമാവും അത്. മെഗിദ്ദോ പ്രവിശ്യയിലെ ഒരു പ്രാദേശിക യുദ്ധമല്ല. വെളിപ്പാടിലെ ബാബിലോൺ സംസാരിക്കുന്നത് നവയുഗ ഇറാഖിലെ ഒരു മൂലയിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ചല്ല.

**വെളിപ്പാട് 16:15 വായിക്കുക. ഈ സംഭവമദ്ധ്യേ, രണ്ടാം വരവിന്റെ വാഗ്ദത്തത്തെക്കുറിച്ചും നീതിയുടെ പുതപ്പ് ധരിക്കുന്നതിനെക്കുറിച്ചും ദൈവീക ദൂതിലൂടെ യേശു നമ്മെ പ്രോത്സാഹപ്പിക്കുന്നത് എത്ര ആശ്ചര്യജനകമാണ്? നമ്മൾ ഏർപ്പെട്ടിരിക്കുന്ന യുദ്ധത്തിന്റെ ആത്മീയ സ്വഭാവത്തെക്കുറിച്ച് ഇത് എന്തു പഠിപ്പിക്കുന്നു?**

**ബുധൻ** **ജൂൺ 20**

### കർമ്മേൽ പർവ്വതവും ഹർമ്മഗെദ്ദോനും: ഭാഗം 1

എന്താണ് ഈ മഹത്തായ ഹർമ്മഗെദ്ദോൻ യുദ്ധം? ആ വാക്ക് അർത്ഥമാക്കുന്നത് "മെഗ്ഗിദ്ദോ പർവ്വതം" എന്നാണ്. എന്നിരുന്നാലും മെഗ്ഗിദ്ദോ പ്രദേശത്ത് പർവ്വതങ്ങളൊന്നുമില്ല. എന്നാൽ കർമ്മേൽ പർവ്വതം ആ പരിസരത്ത് തന്നെയായിരുന്നു. അതിനാൽ പണ്ഡിതന്മാർ പറയുന്നത് *മെഗ്ഗിദ്ദോ പർവ്വതം* എന്നത് കർമ്മേൽ പർവ്വതത്തെ സൂചിപ്പിക്കുന്നുവെന്നാണ്.

ഇതിനോട് കൂടുതൽ യോജിക്കുന്ന ഒന്നാണ് ഏലിയാവിന്റെ കഥയെന്ന് ബൈബിൾ പഠിതാക്കൾ പറയുന്നു. വെളിപ്പാട് 13-ൽ സംഭവിക്കാനിരിക്കുന്നതിനോട് സാമ്യമുള്ള ഒന്നാണ് കർമ്മേൽ പർവ്വതത്തിൽ ഏലിയാവും ബാലിന്റെ വ്യാജപ്രവാചകരും തമ്മിൽ നടന്നത്.

ഇന്നലെ കണ്ടതു പോലെ, വെളിപ്പാട് 16:13-ൽ, മഹാസർപ്പം, മൃഗം, വ്യാജപ്രവാചകർ എന്നിവരെക്കുറിച്ചുള്ള സൂചനകൾ ഒമ്പതാം ആഴ്ചയിൽ പഠിച്ച വ്യാജ ത്രിത്വത്തിലേക്ക്, വെളിപ്പാട് 13-ലേക്ക് വിരൽ ചൂണ്ടുന്നു.

വെളിപ്പാട് 13-ലെ കുഴപ്പങ്ങൾ 13, 14 വാക്യങ്ങളിൽ രണ്ടാം മൃഗം അമാനുഷ പ്രവൃത്തികൾ ചെയ്യുമ്പോഴേക്കും അതിന്റെ പാരമ്യത്തിലെത്തുന്നു, “അത് മനുഷ്യർ കാൺകെ ആകാശത്തു നിന്ന് ഭൂമിയിലേക്ക് തീയിറങ്ങുമാറ്” (വെളി. 13:13). ഈ സംഭവങ്ങൾ പിന്നീട് ദൈവവും സാത്താനും തമ്മിൽ നേരിട്ടുള്ള പോരാട്ടത്തിലേക്ക് വഴിവയ്ക്കുന്നു, സത്യദൈവത്തെ ആരാധിക്കുന്നവരും “മഹാസർപ്പത്തന്റെ ബിംബത്തെ” ആരാധിക്കുന്നവരും തമ്മിൽ (വെളി.13:14).

**1 രാജാക്കന്മാർ 18:1-18 വായിക്കുക. വെളിപ്പാട് പുസ്തകത്തിൽ പറയുന്നതുപോലെ അന്ത്യകാലത്ത് സംഭവിക്കാനിരിക്കുന്ന എന്തൊക്കെ ഈ കഥയിൽ പ്രതിഫലിക്കുന്നു?**

വൻവിവാദത്തിന്റെ ഒരു മറയില്ലാത്ത ചിത്രം പലയർത്ഥത്തിലും നാമിവിടെ കാണുന്നു. 18-ാം വാക്യത്തിൽ ഏലിയാവ് വളരെ വ്യക്തമായി പ്രശ്നമെന്തെന്ന് പറയുന്നു: *നിങ്ങൾ യഹോവയുടെ കൽപനകളെ ഉപേക്ഷിക്കുകയും നീ ബാൽവിഗ്രഹങ്ങളെ ചെന്നു സേവിക്കുകയും ചെയ്യുന്നു.* അന്തമില്ലാത്തത്ര രീതികളിലും മാർഗ്ഗങ്ങളിലും ഈ തിന്മ ചരിത്രത്തിലുടനീളം പ്രത്യക്ഷമായപ്പോൾ, ഇതു തന്നെയായിരുന്നില്ലേ എല്ലായ്പ്പോഴും കാരണം? ഒന്നുകിൽ നമ്മൾ, “ആകാശവും ഭൂമിയും സമുദ്രവും നീറുറവകളും ഉണ്ടാക്കിയവനെ” (വെളി. 14:7) ആരാധിക്കുന്നു, അല്ലെങ്കിൽ, മറ്റാരെയോ മറ്റെന്തിനെയോ ആരാധിക്കുകയാണ്. വെളിപ്പാട് 13-ന്റെ കാര്യത്തിലും അതിലെ സംഭവങ്ങളിലും, ദൈവത്തെ ആരാധിക്കുന്നതിനു പകരം, ജനം മഹാസർപ്പത്തെയും അതിന്റെ ബിംബത്തെയുമാരാധിക്കുന്നു. അതിനിടയിൽ ഒരു സ്ഥലമില്ല. ഒന്നുകിൽ നമ്മൾ ദൈവത്തിനൊപ്പം അല്ലെങ്കിൽ സാത്താനൊപ്പം. അപകടാവസ്ഥയുടെ തീക്ഷ്ണത അത്രയ്ക്കാണ്. ഇന്നും, വിശിഷ്യ ഹർമ്മഗെദ്ദോൻ യുദ്ധത്തിലും കർമ്മേൽ പർവ്വതത്തിലെ കഥ പോലെ വ്യത്യാസം സുവ്യക്തമാകുന്നു.

**വ്യാഴം** **ജൂൺ 21**

### കർമ്മേൽ പർവ്വതവും ഹർമ്മഗെദ്ദോനും: ഭാഗം 2

**1 രാജാക്കന്മാർ 18:18-40 വായിക്കുക. എന്തു സംഭവിക്കുന്നു? കഥ എങ്ങനെ അവസാനിക്കുന്നു? അന്ത്യകാലത്ത് വൻ പോരാട്ടം സമാപിക്കുമ്പോൾ എന്തു സംഭവിക്കുമെന്ന് ഈ കഥ സൂചിപ്പിക്കുന്നു?**

കർമ്മേൽ പർവ്വതത്തിലെ യുദ്ധം ദൈവത്തിന്റെ പ്രവാചകനായ ഏലിയാവും ബാലിന്റെ നൂറു കണക്കിനു വ്യാജപ്രവാചകന്മാരും തമ്മിലായിരുന്നു (നന്മയ്ക്കെതിരെ തിന്മ എത്ര ബഹുലമെന്ന് കാണുക). ആകാശവും ഭൂമിയും സൃഷ്ടിച്ച ദൈവമോ മഹാസർപ്പത്തിന്റെ പ്രതിരൂപമായ ബാലോ

സത്യദൈവമെന്ന് തെളിയിക്കാനുള്ള പരീക്ഷയായിരുന്നു അത് (വെളി.12:9). ലോകത്തെ വഞ്ചിക്കാനുള്ള അവന്റെ മറ്റൊരു മാർഗ്ഗം.

ബലിമൃഗത്തെ ദഹിപ്പിക്കാൻ അഗ്നിയിറക്കണമേയെന്ന് പൂജാരിമാർ ബാലിനോട് പ്രാർത്ഥിച്ചു. ഉദയം മുതൽ നട്ടുച്ചവരെ അലറി. ഏലിയാവ് പുച്ഛിച്ചു "ഉച്ചത്തിൽ കരയുവിൻ". "അവൻ ഉറങ്ങുകയായിരിക്കും" (1 രാജാ. 18:27). പൂജാരിമാർ കോപത്തീയിൽ പ്രാർത്ഥിച്ചു. നിണമൊഴുകുംവരെ സ്വയം വാളാൽ മുറിവേൽപ്പിച്ചു. സന്ധ്യനേരത്തെ ബലിയർപ്പണസമയത്ത് തോറ്റു പിന്മാറി.

ഏലിയാവിന്റെ ബലിമൃഗത്തെ മൂന്നു പ്രാവശ്യം വെള്ളത്തിൽ മുക്കി. ബലിപീഠത്തിനു ചുറ്റും കിടങ്ങുകളിൽ വെള്ളം നിറഞ്ഞു. ഏലിയാവ് ദൈവത്തോട് വളരെ ലളിതമായി പ്രാർത്ഥിച്ചു. ദൈവം തൽക്ഷണം ബലിക്കല്ലും ചുവട്ടിലെ മണ്ണുമടക്കം എല്ലാം എരിച്ചു. ബാലിനെതിരെ സത്യദൈവത്തിന്റെ ശക്തി സംശയാതീതമായി.

**വെളിപ്പാട് 16:13; 19:20,21 വായിക്കുക, എന്നിട്ട് ബാലിലെ വ്യാജ പ്രവാചകന്മാരുടെ വിധിയും ഈ വാക്യങ്ങളും താരതമ്യം ചെയ്യുക. എന്ത് കാണാം?**

ഹർമ്മഗെദ്ദോനെക്കുറിച്ച് അറിയാത്തതായി എന്തെല്ലാമുണ്ടെങ്കിലും അതിന്റെ ഫലം എന്താകുമെന്നറിയാം: ദൈവശത്രുക്കളുടെ നാശവും ദൈവത്തിന്റെയും വിശുദ്ധന്മാരുടെയും നിരപരാധിത്വം തെളിയിക്കലുമാണ് ഫലം.

**1 കൊരിന്ത്യർ 15:1,2 വായിക്കുക. ഹർമ്മഗെദ്ദോനിൽ നിന്ന് വ്യത്യസ്ത പശ്ചാത്തലമാണ് ഇവിടെയെങ്കിലും, എന്താണ് പൗലോസ് സൂചിപ്പിക്കുന്നത്? വിശിഷ്യ ഭാവിയിൽ സംഭവിക്കാനിരിക്കുന്നതിന്റെ വെളിച്ചത്തിൽ അത് നാം ഓർത്തിരിക്കേണ്ടത് എന്തുകൊണ്ട് പ്രാധാന്യമർഹിക്കുന്നു? വെളിപ്പാട് 16:15-ഉം കാണുക, അവിടത്തെ പരാമർശം തീർച്ചയായും ഹർമ്മഗെദ്ദോനാണ്. ഈ രണ്ടു വാക്യങ്ങളും നമ്മോടെന്തു പറയുന്നു?**

**വെള്ളി** **ജൂൺ 22**

**കൂടുതൽ പഠനം:** "ഹർമ്മഗ്ഗെദ്ദോൻ യുദ്ധവിവരണത്തിൽ ബീഭത്സ ജന്തുക്കളും അവലക്ഷണമായ സംഭവങ്ങളും ഒരുനിമിഷം പിന്നാമ്പുറത്താകുന്നു. കൂടുതൽ വ്യക്തിപരമായ ഒരു സത്യം അപ്പോൾ മറനീക്കുന്നു. അതിലൊന്ന് വെളിപ്പാട് 16:15 ആണ്. "ഞാൻ കള്ളനെപ്പോലെ വരും; തന്റെ ലജ്ജ കാണുമാറു നഗ്നനായി നടക്കാതിരിക്കാൻ തന്റെ ഉടുപ്പു സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ." ഹർമ്മഗ്ഗെദ്ദോനെന്ന പേര് പറയുന്നിടത്തു

തന്നെ ഈ വാക്യം വന്നിരിക്കുന്നു. പല പുതിയ നിയമ അദ്ധ്യായങ്ങളെ സൂചിപ്പിക്കാനും യേശുവിന്റെ വീണ്ടും വരവിനും അന്ത്യകാലസംഭവങ്ങൾക്കുമായി വ്യക്തിപരമായി ഒരുങ്ങേണ്ടതിനെക്കുറിച്ചും ഇത് ഓർമ്മപ്പെടുത്തുന്നു.

"ഇത്തരത്തിലെ മറ്റൊരു വാക്യമാണ് വെളിപ്പാട് 17:14. "അവർ കുഞ്ഞാടിനോടു പോരാടും; പക്ഷേ കുഞ്ഞാടവരെ ജയിക്കും, കാരണം താൻ കർത്താധികർത്താവും രാജാധിരാജാവും ആകുകകൊണ്ടു തന്നോടുകൂടെയുള്ളവരോ വിളിക്കപ്പെട്ടവരും വിശ്വസ്തരും." (പാഠരചയിതാവിന്റെ പരിഭാഷ). മഹായുദ്ധത്തിനൊടുവിൽ ജനങ്ങളുടെ ഒരു സേനയുമായി കരാറിലെത്തുന്നു. ആയുധമുപയോഗിച്ച് മറ്റുള്ളവരെ തകർക്കുകയല്ല ലക്ഷ്യം. എന്നാൽ വിളിയോടും തിരഞ്ഞെടുപ്പിനോടും വിശ്വസ്തരായിരിക്കാനാണ് ഉടമ്പടി. രാജ്യങ്ങളും നുഴഞ്ഞുകയറ്റക്കാരുമൊക്കെ ഇന്ന് നടത്തുന്ന യുദ്ധങ്ങളിൽ നിന്നു വളരെ വ്യത്യസ്തമായ ഒന്ന്. ഞാൻ ആവർത്തിച്ചു പറഞ്ഞതു പോലെ ഹർമ്മഗെദ്ദോൻ യുദ്ധം മനസ്സുകൾക്കുള്ള ഒന്നാണ്. അത് ഹൃദയത്തിനുള്ള യുദ്ധമാണ് - അറുക്കപ്പെട്ട കുഞ്ഞാടിനോട് അകമഴിഞ്ഞ വിധേയത്വം കാണിപ്പാനുള്ള വിളി. (വെളി. 5:9, 10, 12; 13: 8)." - *ജോൺ പൗളിയൻ, "ഹർമ്മഗെദ്ദോൻ അറ്റ് ദി ഡോർ" (ഹേഗേഴ്സ്ടൗൺ, മെരിലാൻഡ്: ഓടം ഹൗസ് പബ്ലിഷിംഗ്, റിവ്യൂ ആൻഡ് ഹെറാൾഡ് പബ്ലിഷിംഗ് അസോസിയേഷന്റെ ഒരു വിഭാഗം, 2008), പേജ് 193.*

**ചർച്ച:**

1. **വെളിപ്പാടു പുസ്തക സംഭവങ്ങൾ തൽസ്ഥലങ്ങളിൽ തന്നെ സംഭവിക്കുമെന്ന് വിശ്വസിക്കുന്ന ഒരാളെ എങ്ങനെ സഹായിക്കാം? വാക്യങ്ങളെ തെറ്റായി സമീപിക്കുന്നതാണ് പ്രശ്നമെന്ന് ഏതു വിധേന തിരുത്താം?**
2. **ബാബിലോണ്യ സ്വാധീനം സർവ്വലോകത്തും വ്യാപിക്കുന്നു. ചില ബാബിലോണ്യ പഠനങ്ങൾ എന്തൊക്കെ, അവയെ വിവേചിച്ചറിഞ്ഞ് എങ്ങനെ ഒഴിവാക്കാം?**
3. **തിങ്കളാഴ്ചയിലെ എലൻ ജി. വൈറ്റ് സൂചികയിൽ പറയുന്നു, "അതുവരെ. .... ക്രൈസ്തവലോകമാകെ സഭ ലോകവുമായി ചേരുന്നതു പൂർത്തിയാകുംവരെ, ബാബിലോണിന്റെ പതനം പൂർണ്ണമാകില്ല. "സഭ ലോകവുമായി ചേരുന്നതു പൂർത്തിയാകുന്നതുവരെ" എന്ന പദപ്രയോഗം ശ്രദ്ധിക്കുക. എത്ര ശക്തമായ താക്കീതാണത്?**

****